(25) ചാവക്കാട്-വടക്കാഞ്ചേരി റോഡിന്റെ പുനരുദ്ധാരണം

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, ഇതിനുമുമ്പും സഭയിൽ സബ്മിഷനായി അവതരിപ്പിച്ച വിഷയമാണിത്. കുന്ദംകുളം നിയോജക മണ്ഡലത്തിലെ ചാവക്കാട്-വടക്കാഞ്ചേരി റോഡിലെ കുന്ദംകുളം മുതൽ ചാട്ടുകുളം വരെയുള്ള ഭാഗം പുനരുദ്ധാരണത്തിനും ബി.എം.ആൻറ് ബി.സി. ചെയ്യുന്നതിനും 185 ലക്ഷം രൂപ അനുവദിച്ച് 14-10-2009-ൽ ടെണ്ടർ ചെയ്തതാണ്. അവിടെ മറ്റ് തടസ്സങ്ങളൊന്നുമില്ല. വർഷത്തിൽ നാലു കോടിയിലധികം ഭക്തരാണ് ഗുരുവായൂർ അമ്പലദർശനത്തിന്റെ ഭാഗമായി വടക്കൻ ജില്ലകളിൽനിന്നും തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിൽ നിന്നുമൊക്കെയായി ഈ തകർന്ന റോഡിലൂടെ യാത്ര ചെയ്യുന്നത്. ശബരിമല സീസണായാൽ ഗുരുവായൂർ അമ്പലദർശനത്തിനായുള്ള അയ്യപ്പഭക്തരുടെ വാഹനങ്ങളും കൂടിയാകുമ്പോൾ ഈ റോഡിലൂടെയുള്ള യാത്ര അതികഠിനമാകുന്നു. അഞ്ചു വർഷത്തോളമായി റോഡ് തകർന്നു കിടക്കുന്നതു കൊണ്ട് ജനങ്ങൾ ഒന്നടങ്കം വലിയ പ്രതിഷേധത്തിലാണ്. ഈ റോഡുപണിയുടെ വർക്ക് രണ്ടാക്കി മാറ്റിയിട്ടുണ്ട്. ഈ റോഡുപണി ആരംഭിക്കുന്നതിന് എന്താണ് തടസ്സം? വലിയ യാത്രാ പ്രാധാന്യമുള്ള ഈ വിഷയത്തിൽ ഇടപെടണമെന്ന് അങ്ങയോട് മുമ്പ് ഞാൻ ആവശ്യപ്പെട്ടിരുന്നു. മുഖ്യമന്ത്രിയും ജില്ലയിൽ നിന്നുള്ള മന്ത്രി എന്നുള്ള നിലയിൽ ശ്രീ. സി. എൻ. ബാലകൃഷ്ണനും ഒരിക്കൽ ഇടപെട്ടിരുന്നു. പക്ഷേ റോഡുപണി നടക്കുന്നില്ല. ഇക്കാര്യത്തിൽ എന്താണ് ചെയ്യാൻ കഴിയുക? യുദ്ധകാലാടിസ്ഥാനത്തിൽ പണി പൂർത്തീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ചാവക്കാട്-വടക്കാഞ്ചേരി റോഡിലെ കുന്ദംകുളം മുതൽ ചാട്ടുകുളം വരെയുള്ള റോഡ് പുനരുദ്ധാരണത്തിനും ബി.എം. & ബി.സി. ചെയ്യുന്നതിനുമായി 185 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി 14-10-2009-ന് ടെണ്ടർ ചെയ്തെങ്കിലും ഏറ്റവും കുറഞ്ഞ കരാർ ക്വാട്ട് ചെയ്തത് 35 ശതമാനം അധികനിരക്കിലാണ്. എന്നാൽ 23-7-2010-ലെ ടെണ്ടർ കമ്മിറ്റി 24 ശതമാനം അധിക നിരക്കും 28-2-2011-ലെ ടെണ്ടർ കമ്മിറ്റി 25 ശതമാനം അധികനിരക്കും ശിപാർശ ചെയ്തിരുന്നുവെങ്കിലും കരാറുകാരൻ പണി ഏറ്റെടുക്കാൻ തയ്യാറായില്ല. 15-12-2011-ൽ ചേർന്ന ടെണ്ടർ കമ്മിറ്റി 35 ശതമാനം അധിക നിരക്ക് അനുവദിക്കുകയും 24-4-2012-ൽ സൈറ്റ് ഹാന്റ് ഓവർ ചെയ്യുകയും ചെയ്തു. കാന നിർമ്മാണവും കലുങ്കുകളുടെ പുനർനിർമ്മാണവും എക്സ്റ്റൻഷൻ പ്രവൃത്തികളും പൂർത്തീകരിച്ചെങ്കിലും ഈ ഭാഗത്തുകൂടി കടന്നുപോകുന്ന വാട്ടർ അതോറിറ്റിയുടെ മെയിൻ പമ്പിംഗ് ലൈൻ ഇടയ്ക്കിടെ പൊട്ടുകയും റോഡ് തകരുന്ന അവസ്ഥയും ഉണ്ടായിരുന്നതിനാൽ റോഡ് പുനരുദ്ധാരണപ്രവൃത്തി മുന്നോട്ടുകൊണ്ടുപോകാൻ നിർവ്വാഹമുണ്ടായിരുന്നില്ല. ഈ പൈപ്പ് ലൈനുകൾ മാറ്റിക്കിട്ടിയത് 21-5-2014-ലും

LIBRARY ARCHIVES Kerala Legislative Assembly

വാട്ടർ അതോറിറ്റി പൊതുമരാത്തുവകുപ്പിന് നൽകേണ്ട റെസ്റ്റോറേഷൻ തുക നൽകിയത് 19.11.2014-ലുമാണ്. കൂടാതെ ഈ റോഡിൽ നിന്നിരുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കാൻ കരാറുകാരൻ കെ.എസ്.ഇ.ബി.-ക്ക് ആവശ്യമായ തുക അടച്ചിരുന്നുവെങ്കിലും ഇവ മാറ്റിയത് 28-5-2014-ലാണ്. മേൽ കാരണം കൊണ്ട് കരാറുകാരന് മുഴുവൻ പ്രവൃത്തികളും യഥാസമയം പൂർത്തിയാക്കാൻ സാധിച്ചില്ല. പ്രവൃത്തി പൂർത്തീകരിക്കാൻ കരാറുകാരൻ 31-5-2015-വരെ സമയം നീട്ടിചോദിക്കുകയും അത് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 31-1-2015-ന് മുമ്പുതന്നെ പണി പൂർത്തിയാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

VI റിപ്പോർട്ട് സമർപ്പണം

1. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഇരുപത്തിയേഴ് മുതൽ ഇരുപത്തിയൊൻപത് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. വർക്കല കഹാർ: സർ, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഇരുപത്തിയേഴ് മുതൽ ഇരുപത്തിയൊൻപത് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

2. പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ പതിനാറ് മുതൽ പതിനെട്ട് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. വി. പി. സജീന്ദ്രൻ: സർ, പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പതിനാറ് മുതൽ പതിനെട്ട് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

VII ചട്ടങ്ങളുടെ ഭേദഗതികളുടെ പരിഗണന

(1) 2014-ലെ ദി കേരള സർവീസ് (തേർഡ് അമെന്റ്മെന്റ്) ചട്ടങ്ങളിലെ ഭേദഗതിയുടെ പരിഗണന

Shri M. Ummer: Sir, I move the following amendment. In clause 2, for the words in bracket " including Secretary to the Legislative Assembly" , the words " including officers of the same rank in the Legislature Secretariat" shall be substituted.

ഇത് 3-12-2014-ന് എസ്.ആർ.ഒ. നമ്പർ 614/2014-ന് കൊണ്ടുവന്നിട്ടുള്ള ഒരു ഭേദഗതിയാണ്. Clause (2)-ൽ പറയുന്നത്, Amendment of the rules: In the Kerala Service Rules, in Part I, in Appendix II, under the heading "List of Heads of Departments", for serial number 1 and the entry against it, the following serial number and entry shall be substituted,....." എന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly